**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4327** **06-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം ലഭിക്കാത്ത ചികിത്സകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മെഡിസെപ്പ് പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ ചികിത്സാ ആനുകൂല്യം ലഭിക്കാത്ത ചികിത്സകൾക്ക് പ്രസ്തുത ആശുപത്രികളിൽ ചികിത്സ നടത്തിയവരുടെ തുക നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് റീ ഇംബേർസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | **01.07.2022-ൽ നിലവിൽ വന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് ൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ എംപാനൽ ചെയ്തിട്ടുള്ള വിഭാഗങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചികിത്സകൾക്ക് മാത്രമാണ് ആനുകൂല്യം ലഭിക്കുന്നത്. എംപാനൽ ചെയ്യാത്ത ആശുപത്രികളിലെ ചികിത്സാ പ്രക്രിയകൾക്ക് ചെലവായ തുക ജീവനക്കാർക്ക് നിലവിലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ചട്ടങ്ങൾ പ്രകാരം റീഇമ്പേഴ്സ്മെന്റ് നൽകാവുന്നതാണ്.** |
| (ബി) | മെഡിസെപ്പ് പ്രകാരം എംപാനൽ ചെയ്ത മുഴുവൻ ആശുപത്രികളിലും ജീവനക്കാർക്ക് അത്യാവശ്യമായ ചികിത്സ ലഭിക്കുന്നതിന് ഒരു നിശ്ചിത തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മെഡിസെപ് പദ്ധതി പ്രകാരം എംപാനൽ ചെയ്ത മുഴുവൻ ആശുപത്രികളിലും ജീവനക്കാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ ചികിത്സ ലഭിക്കുന്നതിന് ആവശ്യമായ തുകയാണ് വാർഷിക പ്രീമിയം ഇനത്തിൽ തിട്ടപ്പെടുത്തി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്നത്. കൂടാതെ എംപാനൽ ചെയ്ത ആശുപത്രികളിലെ എല്ലാ അത്യാവശ്യ ചികിത്സകളും മെഡിസെപ് പദ്ധതിയുടെ ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഇൻഷ്വറൻസ് കമ്പനിയ്ക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ